IJCRT.ORG ISSN : 2320-2882

INTERNATIONAL JOURNAL OF CREATIVE RESEARCH THOUGHTS (IJCRT)
An International Open Access, Peer-reviewed, Refereed Journal

# കൊച്ചി കേന്ദ്രീകരിച്ചുള്ള ആംഗ്ലോ – ഇന്ത്യൻ സമൂഹം വംശം–ഭാഷ–സാംസ്കാരം

**ആലീസ് റീജ ഫെർണാ¯സ്**
**ഗവേഷക**
**മലയാള വിഭാഗം, മഹാരാജാസ് കോളേജ്**

**സംഗ്രഹം :**

കോളനിവത്കരണത്തിന്റെ കാലത്ത് യൂറോപ്പിലെ ഒട്ടുമിക്ക രാജ്യങ്ങളിൽ നിന്നുമുള്ള ബന്ധത്തിൽ പിറന്ന സങ്കര വിഭാഗങ്ങളെ പൊതുവിൽ വിളിച്ചിരുന്ന പേര് 'യൂറേഷ്യൻസ്'[1] എന്നായിരുന്നു. പിൽക്കാലത്ത് ഇതേ സമൂഹമാണ് ആംഗ്ലോ–ഇന്ത്യൻസ് എന്നറിയപ്പെട്ടത്. ചരിത്രവും മതവും രാഷ്ട്രീയവും സ്ഥലകാലങ്ങളും പരസ്പരം ഇടപെടുകയും സംവദിക്കുകയും കലഹിക്കുകയും ചെയ്യുന്ന തുറന്ന വ്യവഹാരിക ഘടനയാണ് ഈ ആംഗ്ലോ–ഇന്ത്യൻ ജീവിത പരിസരങ്ങളിൽ കാണാനാവുക. സാമൂഹികവും സാംസ്കാരികവും ശാരീരികവുമായ പ്രത്യേകതകളാൽ ആംഗ്ലോ–ഇന്ത്യൻസ് ഒരു പ്രത്യേക വംശീയ വിഭാഗമായി
പരിഗണിക്കപ്പെടുന്നു. കൊച്ചിയുടെ സാമൂഹിക– സാംസ്കാരിക ചുറ്റുപാടുകളിൽ നവീകരണം സൃഷ്ടിക്കുന്നതിൽ ആംഗ്ലോ–ഇന്ത്യൻ ഭാഷ, സംസ്കാരം, ജീവിതശൈലി, ഭക്ഷണശീലം എന്നിവ സ്വാധീനിച്ചിട്ടു¯്. മേൽപറഞ്ഞ എല്ലാ പ്രത്യേകതകളും ഉള്ളപ്പോഴും സ്വത്വപരമായും വംശീയപരമായും അന്യത്വം അനുഭവിക്കുന്ന ജനവിഭാഗമാണ് ആംഗ്ലോ–ഇന്ത്യക്കാർ. പ്രത്യയശാസ്ത്രാടിസ്ഥാനത്തിൽ കൊളോണിയലിസത്തെ വിമർശിക്കുകയും കോളനിവത്കരിക്കപ്പെട്ടവർക്ക് ഊന്നൽ നൽകുകയും ചെയ്യുമ്പോഴും സങ്കരസമൂഹം എന്ന നിലയിൽ ഒരു ദ്വൈതത്വം അവർ അനുഭവിക്കുന്നു¯്. ആധിപത്യത്തിന്റെയും ചൂഷണത്തിന്റെയും ശക്തമായ അടയാളങ്ങളവരിൽ
ദൃശ്യമാണ്. സ്വയം പ്രതിരോധിക്കുകയും സ്വന്തം ഐഡന്റിറ്റി സൃഷ്ടിക്കുകയും ചെയ്യുമ്പോഴും അവരൊരു മൂന്നാം കക്ഷിയാണ്. കൊളോണിയലിസത്തിന്റെ അനന്തരഫലമായ ശരീരത്തിന്റെയും സ്വത്വത്തിന്റെയും സാമൂഹിക രൂപീകരണത്തിൽ കീഴാള ശരീരത്തിന്റെ നിരാസം അനുഭവിച്ചവരാണ് അവരിലേറെയും. ഇവയെല്ലാം പരിശോധിക്കപ്പെടേ¯തു¯്. **കൊച്ചി കേന്ദ്രീകരിച്ചുള്ള ആംഗ്ലോ–ഇന്ത്യൻ ജനതയെ** എങ്ങനെയാണ് സമൂഹം പൊതുവിൽ കാണുന്നത് എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിലൂടെ പ്രധാനമായും നടത്തുന്നത്.

[1] . യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വന്ന വിദേശികളുമായി വൈവാഹിക ബന്ധത്തിൽ ഏർപ്പെട്ട മലയാളി സ്ത്രീകൾക്കു¯ായ സങ്കര കുട്ടികൾ. ബോണി തോമസ്, ഫോർട്ടുകൊച്ചി–മട്ടാഞ്ചേരിയുടെ അദൃശ്യപൈതൃകാന്വേഷണം കൊച്ചിക്കാർ, കൊച്ചി : പ്രണത ബുക്സ്,

**താക്കോൽ വാക്കുകൾ :** ആംഗ്ലോ–ഇന്ത്യൻസ്, സങ്കരഭാഷ, ലോകപൗരത്വം, ലൂസോ–ഇന്ത്യക്കാർ, കീഴാളത്തം, പൊളിറ്റിക്ക ഡോസ് കസമെന്റോസ്, കസാഡോ, തൊപാസികൾ

2017

## ആംഗ്ലോ–ഇന്ത്യൻ സമൂഹം – നിർവചനം

ഇന്ത്യൻ ഭരണഘടന ആർട്ടിക്കൾ 366(2) പ്രകാരം;

" An Anglo-Indian means a person whose father or any of whose other male progenitors in the male line is or was of European descent but who is domiciled within the territory of parents habitually resident therein and not established there for temporary purpose only"..

ഈ നിർവചനത്തിന് 3 തലങ്ങളാണ് ഉള്ളത് ;

1. പിതൃസ്ഥാനത്ത് യൂറോപ്യൻ പുരുഷവംശജരായിരിക്കണം

2. സങ്കര ഏഷ്യൻ വംശജർ

3. അവരുടെ പിതാവ്, മുത്തച്ഛൻ അല്ലെങ്കിൽ പുരുഷ നിരയിലുള്ള ഏതെങ്കിലും പൂർവ്വികൻ യൂറോപ്യൻ ഉപഭൂഖണ്ഡത്തിൽ ജനിച്ച് യൂറോപ്യൻ വോട്ടർ പട്ടികയിൽ ഇടംപിടിക്കാത്തവർ ആയിരിക്കണം.

ആംഗ്ലോ–ഇന്ത്യൻ എന്ന പദം പതിനെട്ടാം നൂറ്റാ–ിൽ ഇന്ത്യയിൽ ജനിച്ച സങ്കരവിഭാഗക്കാരായ കുട്ടികളെ വിശേഷിപ്പിക്കാൻ ആദ്യമായി ഉപയോഗിച്ചത് വാറൻ ഹോസ്റ്റിംഗ്സ് [2] ആണ്. അതിനുമുൻപ് വരെ വർണ്ണത്തിൽ കുറവുള്ള സങ്കരവിഭാഗക്കാരെ യുറേഷ്യൻ
എന്നും ഇരട്ട പൈതൃകമുള്ള സവർണ്ണരായവരെ മാത്രം ആംഗ്ലോ–ഇന്ത്യൻ എന്നുമാണ് വിശേഷിപ്പിച്ചിരുന്നത്.

## ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ രൂപപ്പെടൽ : സാമൂഹിക–സാംസ്കാരിക സാഹചര്യങ്ങൾ

ഭൂമിശാസ്ത്രപരമായി കടലിനാൽ ചുറ്റപ്പെട്ട പ്രദേശമാണ് കേരളം. പതിനഞ്ചാം നൂറ്റാ–് വരെ അതീവ സങ്കീർണ്ണമായ നാടുവാഴിത്ത വ്യവസ്ഥിതിയാണ് ഇവിടെ ഉ–ായിരുന്നത്. സാമൂതിരിയും കോലത്തിരിയും വേണാട്ടടികളുമായിരുന്നു പ്രബലരായ രാജാക്കന്മാർ. അതീവ പ്രാകൃതമായ നിയമവ്യവസ്ഥകളും മണ്ണാപ്പേടി, പുലപ്പേടി തുടങ്ങിയ അയിത്താചാരങ്ങളും നിലനിന്നത് കൊ–് തന്നെ ജനങ്ങൾ അസംതൃപ്തരായിരുന്നു. ഈ ഭൂമികയിലേക്കാണ് 14–ാം നൂറ്റാ–ിൽ കുരുമുളകിന്റെ വിപണിസാധ്യത തിരിച്ചറിഞ്ഞ പോർച്ചുഗീസുകാർ കേരളത്തിലേക്ക് വന്നത്. അതിനവർ ഭാരതത്തിലേക്ക് പുതിയ പാത ക–ുപിടിച്ചു. മുസ്ലീം ശക്തി കേന്ദ്രങ്ങളായ മദ്ധ്യ പൗരസ്ത്യ ദേശങ്ങൾ ഒഴിവാക്കി കടൽ മാർഗ്ഗം ആയിരുന്നു അവർ എത്തിയത്. ഇവരുടെ വരവോടുകൂടി സാംസ്കാരികമായും സാമ്പത്തികമായും രാഷ്ട്രീയപരമായും കടൽത്തീര സംസ്കൃതി അഭിവൃദ്ധിപ്പെട്ടു. കൊച്ചി, കോഴിക്കോട്, കണ്ണൂർ, കൊല്ലം തുടങ്ങിയ ഇടങ്ങളിൽ
ഫാക്ടറി ആരംഭിച്ചതിന്റെ ഭാഗമായി ഇന്ത്യൻ മണ്ണിൽ വെള്ളക്കാരായ പുരുഷന്മാരുടെ സാന്നിധ്യം അധികരിച്ചു. കമ്പനിയുടെ ആദ്യ നയങ്ങൾ പ്രകാരം പുരുഷ ന്മാരോടൊപ്പം പരാധീനതകളും അപകടസാധ്യതകളും നേരിടുന്നതിൽ നിന്നും സ്ത്രീകളെ വിലക്കിയിരുന്നു. അതുകൊ–് തന്നെ വളരെ കുറച്ച് പോർച്ചുഗീസ് സ്ത്രീകൾ (യുദ്ധത്തിലൂടെ വിധവകളായ / ഓർഫാസ് ഡിൽ റെയ് / രാജാവിന്റെ അനാഥർ അല്ലെങ്കിൽ യജമാനന്മാരുടെ മരണശേഷം ഉപേക്ഷിക്കപ്പെട്ട അടിമകളായ പെൺകുട്ടികൾ) മാത്രമേ ഇന്ത്യയിലേക്ക് ഉള്ള യാത്രാസംഘത്തിൽ ഉൾപ്പെട്ടിരുന്നുള്ളു. 6 മുതൽ 10 മാസം വരെ നീളുന്ന ദുർഘടമായ കടൽ യാത്ര പൂർത്തിയാക്കിയ സ്ത്രീകളുടെ എണ്ണം വളരെ തുച്ഛമായിരുന്നു. പതിനാറാം നൂറ്റാ–ിൽ

[2] WARREN HOSTINGS WAS A BRITISH COLONIAL ADMINISTRATOR WHO SERVED AS THE FIRST GOVERNOR OF THE PRESIDENCY OF FORT WILLIAM.

അവിവാഹിതരായ ഏകദേശം നാലായിരം യുവപോർച്ചുഗീസുകാർ കേരളത്തിൽ ഉ—ായിരുന്നു[3] എന്നാണ് കണക്കാക്കപ്പെടുന്നത്. തങ്ങളുടെ പ്രിയപ്പെട്ട കാമിനികളിൽ നിന്നും വൈവാഹിക ബന്ധത്തിൽ നിന്നും വേർപെട്ട പോർച്ചുഗീസുകാർ ഇന്ത്യൻ വംശജരായ വെപ്പാട്ടികളു മായി കഴിയേ—ി വന്നു. അതിസങ്കീർണ്ണമായ ജീവിത പരിസരങ്ങളിൽ നിന്നും അവരുടെ പിരിമുറുക്കം കുറയ്ക്കുന്നതിന് വേ—ി പുതിയ ഒരു നയത ന്ത്രരേഖ
ഉ—ാക്കേ—ത് അവശ്യമായിത്തീർന്നു. ഏകദേശം എൺപത് വർഷങ്ങൾക്ക് മുൻപ്
നിലവിൽ വന്ന പോർച്ചുഗീസ് കാത്തലിക് മെറ്റിസ് ജനസംഖ്യ[4]യിൽ നിന്ന് കമ്പനി പുരുഷന്മാർ അവരുടെ സ്ത്രീകളെ ക—െത്തുകയോ, യുദ്ധത്തിലൂടെ വിധവകളായ അല്ലെങ്കിൽ യജമാനന്മാരുടെ മരണശേഷം സ്വയം ഉപേക്ഷിക്കപ്പെട്ട അടിമകള ായ പെൺകുട്ടികളെ വെപ്പാട്ടിയായി സ്വീകരിക്കുകയോ ആണ് ആദ്യ കാലങ്ങളിൽ ചെയ്തിരുന്നത്. കേവലം ലൈംഗികസംതൃപ്തി എന്നതിനപ്പുറം ഇന്ത്യൻ സ്ത്രീകളുമായുള്ള സഹവാസത്തിനായിരുന്നു പോർച്ചുഗീസുകാർ പ്രാധാന്യം കൊടുത്തിരുന്നത്. തദ്ദേശീയരായ സ്ത്രീകൾ കൂടുതൽ അനുസരണയുള്ളവരും ഭർത്താവിനെ സന്തോഷിപ്പിക്കുന്നവരുമായിരുന്നു എന്നതിലായിരുന്നു അവരുടെ പ്രധാന ആകർഷണം. കേരളീയരുമായി അടുത്ത ബന്ധം സ്ഥാപിക്കുവാനുള്ള മാധ്യമമായി തദ്ദേശീയ വിവാഹങ്ങളെ മാറ്റാം എന്നും അവർ നിരീക്ഷിച്ചു.

1509 ൽ കേരളത്തിലെ ഗവർണ്ണർ ആയി തെരഞ്ഞെടുക്കപ്പെട്ട അൽഫോൻസോ
ഡി അൽബുക്കർക്ക് ഇന്ത്യയിൽ പോർച്ചുഗീസുകാർക്ക് ഉറച്ച അടിത്തറ പാകാൻ
തീരുമാനിച്ചു. പോർച്ചുഗീസ് പുരുഷന്മാരും ഇന്ത്യൻ സ്ത്രീകളുമായുള്ള വിവാഹം എന്ന
ആശയം നടപ്പിലാക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ഇതിനായി പൊളിറ്റിക്ക ഡോസ് കസമെന്റോസ്[5] എന്ന നയതന്ത്ര രേഖ ഉ—ാക്കുകയും സങ്കര വിവാഹങ്ങൾക്ക് ഔദ്യോഗികാനുമതി നൽകുകയും ചെയ്തു . ഇതിന്റെ അനന്തരഫലമായി കേരളത്തിലെ പോർച്ചുഗീസ് കോളനികളിൽ പോർച്ചുഗീസുകാരോട് വിശ്വസ്തത പുലർത്തുന്ന ഒരു സങ്കരവിഭാഗം രൂപപ്പെട്ടു. കോളനിവത്കരണത്തിന്റെ കാലത്ത് യൂറോപ്പിലെ ഒട്ടുമിക്ക രാജ്യങ്ങളിൽ നിന്നുമുള്ള ബന്ധത്തിൽ പിറന്ന സങ്കര വിഭാഗങ്ങളെ പൊതുവിൽ വിളിച്ചിരുന്ന പേര് 'യൂറേഷ്യൻസ്'[6][7] എന്നായിരുന്നു. പിൽക്കാലത്ത് ഇതേ സമൂഹമാണ് ലൂസോ ഇന്ത്യൻസ്[8] എന്നും ആംഗ്ലോ–ഇന്ത്യൻസ് എന്നുമറിയപ്പെട്ടത്. ഈ സങ്കര വിവാഹത്തിലൂടെ തദ്ദേശീയരായ സ്ത്രീകൾ പോർച്ചുഗീസ് സംസാരിക്കാൻ പഠിക്കുകയും ക്രിസ്തുമതം സ്വീകര ിക്കുകയും പോർച്ചുഗീസ് ആചാരങ്ങളും പാരമ്പര്യങ്ങളും ഉൾക്കൊള്ളുകയും ചെയ്തു. ഈ പുതിയ
പാരമ്പര്യം അവർ തലമുറകളായി കൈമാറി വന്നു. കാലക്രമേണ ഈ പോർച്ചുഗീസുകാരും ലൂസോ ഇന്ത്യക്കാരും പൊതുവിൽ പറങ്കി[9] എന്ന് അറിയപ്പെട്ടു. തുറമുഖ നഗരങ്ങളുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന്റെ ഭാഗമായി പോർച്ചുഗീസുകാർ ആയുധപ്പുരകളും കോട്ടകളും വിദ്യാലയങ്ങളും ഈ കോളനികളിൽ സ്ഥാപിച്ചു.
നാവികൻ എന്ന ബഹുമാന സൂചകാർത്ഥ പറങ്കി പ്രയോഗം പക്ഷേ പിന്നീട് പരിഹാസ രൂപേണ ഉപയോഗിക്കുവാൻ തുടങ്ങി.

## കൊച്ചി കേന്ദ്രീകരിച്ചുള്ള ആംഗ്ലോ–ഇന്ത്യൻ സമൂഹം

കേരളത്തിലെ ആംഗ്ലോ–ഇന്ത്യൻ സമൂഹത്തെ അവരുടെ ചരിത്രപരമായ വികാസവും പ്രാദേശികമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ പൊതുവിൽ ര—ായി തിരിച്ചിട്ടു—് ; ബ്രിട്ടീഷ് ഉത്ഭവം അവകാശപ്പെടാവുന്ന കൊല്ലം തങ്കശ്ശേരി വിഭാഗവും പോർച്ചുഗീസ് വംശീയതയ്ക്ക് കീഴിൽ വരുന്ന ഫോർട്ട്കൊച്ചി, അതിന്റെ പ്രാന്തപ്രദേശങ്ങളായ നസ്രത്ത്, സൗദി, ചെറിയകടവ്, ഇടക്കൊച്ചി, പള്ളുരുത്തി, വല്ലാർപാടം, മുളവ്കാട്, ചാത്തിയാത്ത്, വരാപ്പുഴ, മൂലമ്പിള്ളി, ബോൾഗാട്ടി, തേവര, പെരുമാനൂർ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കൊച്ചിൻ വിഭാഗവുമാണ് ഇത്. കൊച്ചിേ കന്ദ്രീകരിച്ചുള്ള ആംഗ്ലോ–ഇന്ത്യൻ സമൂഹം

---

[3] . C R BOXER, MARY AND MYSOGYNY : WOMEN IN IBERIAN EXPANSION OVERSEAS 1415-1815: SOME FACTS, FANCIES AND PERSONALITIES, LONDON 1975, PP.66-7

[4] THE CHILDREN FROM INTER MARRIAGE IN DIFFERENT ETHNIC GROUPS WERE NAMED MESTICES

[5] പോർച്ചുഗീസുകാരന് കൊച്ചിക്കാരിയെ വിവാഹം ചെയ്യാൻ അനുമതി നൽകുന്ന ഔദ്യോഗിക രേഖ വേലായുധൻ പണിക്കശ്ശേരി, പോർട്ടുഗീസ്–ഡച്ച് ആധിപത്യം കേരളത്തിൽ, കോട്ടയം : കറന്റ് ബുക്സ്, 2004

[6] . യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വന്ന വിദേശികളുമായി വൈവാഹിക ബന്ധത്തിൽ ഏർപ്പെട്ട മലയാളി സ്ത്രീകൾക്കു—ായ സങ്കര കുട്ടികൾ. ബോണി തോമസ്, ഫോർട്ടുകൊച്ചി–മട്ടാഞ്ചേരിയുടെ അദൃശ്യപൈതൃകാന്വേഷണം കൊച്ചിക്കാർ, കൊച്ചി : പ്രണത ബുക്സ്,

[7]

[8] LUCITANIA WAS THE ROMAN PROVINCE WAS IDENTIFIED WITH PORTUGAL

[9] farangi - an Arabic word for foreigner. later this became a synonym for Portuguese descendants of kerala

യുറേഷ്യക്കാർ, പറങ്കി, ചട്ടക്കാരൻ, അഞ്ഞൂറ്റിക്കാർ, കൊല്ലക്കാർ, എഴുന്നൂറ്റിക്കാർ, മുന്നൂറ്റിക്കാർ, ലൂസോ –ഇന്ത്യക്കാർ എന്നിങ്ങനെ വിവിധങ്ങളായ പേരുകളിൽ ആണ് അറിയപ്പെടുന്നത്.

2021 ലെ സെൻസസ് പ്രകാരം കൊച്ചിയിലാകെ ആംഗ്ലോ ഇന്ത്യൻ സമൂഹത്തിൽ 110 കുടുംബങ്ങളിലായി 500 അംഗങ്ങളാണ് ഉള്ളത്. ഇന്ത്യയിലെ ആദ്യത്തെ യൂറോപ്യൻ സെറ്റിൽമെന്റ് (പോർച്ചുഗീസ് വാസസ്ഥലമായ) കൊച്ചി യുറേഷ്യൻ സംസ്കാരത്തിന്റെ കളിത്തൊട്ടിൽ എന്നാണ് അറിയപ്പെടുന്നത്. പോർച്ചുഗീസുകാരാണ് നഗരത്തിൽ ഉറച്ചുനിന്ന ആദ്യ വിദേശികൾ. 500 വർഷത്തിലധികം യൂറോപ്യൻ ബന്ധത്തിന്റെ ചരിത്രമു് ഈ പ്രദേശത്തിന്. അതിന്റെ ചരിത്രസ്മാരകങ്ങളായി വാസ്കോഡ ഗാമയെ അടക്കം ചെയ്ത സെന്റ് ഫ്രാൻസിസ് പള്ളി, ഫോർട്ട് ഇമ്മാനുവൽ, സാന്താക്രൂസ് ബസിലിക്ക, ഡച്ച് കൊട്ടാരം, വാസ്കോഡ ഗാമ സ്ക്വയർ, അൽബുക്കർക്ക് ജെട്ടി, പോർച്ചുഗീസ് ശൈലിയിലുള്ള ബംഗ്ലാവുകൾ, തെരുവീഥികൾ(പ്രിൻസസ് സ്ട്രീറ്റ്, നേപിയർ സ്ട്രീറ്റ്, ലില്ലി സ്ട്രീറ്റ്, റോസ് സ്ട്രീറ്റ്) , ചർച്ച് ഓഫ് ഔവർ ലേഡി ഓഫ് റാൻസം, സെന്റ് ആന്റണി ആംഗ്ലോ ഇന്ത്യൻ സ്കൂൾ എന്നിവ നിലകൊള്ളുന്നു.

**ഭാഷ**

ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിനെ മുൻകാലങ്ങളിൽ മറ്റ് ഇന്ത്യക്കാരിൽ നിന്നുമുള്ള ആശയപരവും സാമൂഹികവുമായ വിനിമയത്തിൽ നിന്നും തടസ്സമായിരുന്നത് ഭാഷയായിരു

ന്നു. ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായിരുന്നത് കൊ്തന്നെ തൊഴിൽപരമായി ഈ വിഭാഗത്തിന് മേൽക്കൈ നേടാൻ കഴിഞ്ഞിരുന്നു. തൊഴിൽപരമായും സാമൂഹികമായും ഉയർന്നവരാണ് എന്ന മിഥ്യാബോധത്തിൽ തദ്ദേശീയ ഭാഷകളിൽ പ്രാവീണ്യം നേടാൻ

അവർ ശ്രമിച്ചിരുന്നില്ല. ഇന്ത്യൻ ജനതയുടെ സാമൂഹിക ജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനോ സാംസ്കാരിക സവിശേഷതകൾ മനസ്സിലാക്കുന്നതിനോ അവർ വിമുഖത പുലർത്തിയിരുന്നു. പ്രാദേശിക ഭാഷയുടെ സാധ്യതകൾ കരഗ്രതമാക്കി എന്നതാണ് ഈ വിഭാഗത്തിന് സംഭവിച്ച വിപ്ലവകരമായ മാറ്റം.

കൊച്ചിയിലെ ആംഗ്ലോ ഇന്ത്യൻ സമൂഹം കുടുംബത്തിനകത്തും ബന്ധുക്കൾക്കിടയിലും ആശയവിനിമയം നടത്താൻ പ്രാഥമികമായി ഇംഗ്ലീഷ് ഉപയോഗിക്കുന്നു. സ്വസമുദായത്തിന് പുറത്ത് മലയാളത്തിൽ പോർച്ചുഗീസ്, ഇംഗ്ലീഷ് പദങ്ങൾ ചേർത്ത് ആശയവിനിമയം നടത്തുന്നതായും കാണാം. എന്നാൽ അടുത്ത കാലത്തായി പൊതുവായ സംസ്കാരവുമായി ചേർന്ന് പോകാൻ ഭൂരിഭാഗം ആംഗ്ലോ ഇന്ത്യക്കാരും മലയാളം മാതൃഭാഷയായി രജിസ്റ്റർ ചെയ്ത് തുടങ്ങിയിരിക്കുന്നതായും മലയാളം മീഡിയം സ്കൂളുകളിൽ കുട്ടികളെ അയച്ച് തുടങ്ങുന്നതായും കാണാം.

വിദ്യാഭ്യാസം

ആംഗ്ലോ ഇന്ത്യൻ വിഭാഗക്കാരിൽ 99% വും സാക്ഷരരാണ്. 2021 ലെ കണക്കനുസരിച്ച്

ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും സാംസ്കാരിക വൈവിധ്യത്തിനും പേരു കേട്ടവയാണ് ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ എന്ന് കാണാം. എന്നാൽ നിലവ ിലെ സാമൂഹിക – സാമ്പത്തിക ഘടകങ്ങൾ ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ സാഹചര്യങ്ങളെ ബാധിക്കുന്നു് എന്ന് വേണം മനസ്സിലാക്കുവാൻ.

## വസ്ത്രധാരണം

ആംഗ്ലോ ഇന്ത്യക്കാർ ഏറെയും തന്നെ അവർ ആദർശവത്കരിക്കുന്ന പാശ്ചാത്യ ജീവിത

നിലവാരവും അവർക്കു ലഭിക്കുന്ന പൗരസ്ത്യ വരുമാനവും തമ്മിലുള്ള ഭീമമായ അന്തരത്താൽ ഗുരുതരമായ മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നവരാണ്. അതുകൊണഅ്ട് തന്നെ വസ്ത്രധാരണത്തിലും ഭക്ഷണക്രമത്തിലും ജീവിത സാഹചര്യങ്ങളിലും വലിയ

അന്തരങ്ങൾ ദൃശ്യമാണ്. ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിലെ മുതിർന്നവരിൽ കുറച്ച് പേർ പരമ്പരാഗത വസ്ത്രധാരണരീതി തന്നെയാണ് പിന്തുടരുന്നത്. കൈമുട്ടുവരെ നീളുന്ന കബായയും അര മുതൽ കുതികാൽ വരെ നീളുന്ന മു്ും എന്നാണ് ഈ പരമ്പരാഗത വസ്ത്രം അറിയപ്പെടുന്നത്. അവരിലേറെപ്പേരും മുട്ടുവരെ ഇറക്കമുള്ള ഫ്രോക്ക്, ഹാഫ് ട്രൗസർ എന്നിവ ഇപ്പോഴും ഉപയോഗിക്കുന്നതായി കാണാം. പാശ്ചാത്യ വസ്ത്രധാരണ രീതി തന്നെയാണ് അവർ നിലനിറുത്തുന്നത്. സമൂഹവുമായി ഇടകലർന്ന് ജീവിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ – യൂറോപ്യൻ വസ്ത്രധാരണ രീതികളുടെ ഒരു മിശ്രിതത്തിലേക്ക് മാറി തുടങ്ങിയിട്ടു് നിലവിൽ.

**ഭക്ഷണരീതി**

ആരോഗ്യകരവും ആഢംബരപൂർണ്ണവുമായ ഒരു ഭക്ഷണരീതിയാണ് കൊച്ചിയിലെ ആംഗ്ലോ ഇന്ത്യൻ സമൂഹം പിന്തുടർന്ന് വരുന്നത്. ഭക്ഷണം പാകം ചെയ്യുന്നതിലും വിളമ്പുന്നതിലും കഴിക്കുന്നതിലും കൊളോണിയൽ രീതിശാസ്ത്രം നിലനിറുത്തുന്നു് ഇവർ. കുടുംബത്തിലെ കൂടിച്ചേരലുകളിലും വിവാഹ

ങ്ങളിലും ജന്മദിനങ്ങളിലും ഉള്ള വീഞ്ഞിന്റെ ഉപയോഗം ആംഗ്ലോ ഇന്ത്യൻ സംസ്കാരത്തോടുള്ള അനുകര ണം കാണിക്കുന്നു. യൂറോപ്യൻ കേക്ക്, ടർക്കി റോസ്റ്റ്, ബീഫ് വിന്താലു എന്നിവ സാമ്പത്തിക പരിധികളില്ലാതെ എല്ലാ കുടുംബങ്ങളിലും സ്ഥിരവിഭ വമായി കാണാവുന്നതാണ്. മുട്ട, മത്സ്യം, പന്നി, ബീഫ് തുടങ്ങി പാശ്ചാത്യ രീതിയിൽ നോൺ വെജിറ്റേറിയൻ ക്രമം പിന്തുടരുന്നവരാണ് അവർ. അളവിൽ കൂടുതലായി പാലിന്റെയും പാലുത്പന്നങ്ങളുടെയും ഉപഭോഗം ദൃശ്യമാണ്. അരിയും ഗോതമ്പും പ്രധാന ഭക്ഷണ വിഭവങ്ങളിൽ ഉൾപ്പെടുന്നു.

## മതപരമായ വിഭാഗീയത

കൊച്ചിയിലെ ആംഗ്ലോ ഇന്ത്യൻ വിഭാഗക്കാർക്കിടയിൽ മതപരമായ വിഭാഗ ീയത പ്രകടമാണ്. എന്നാലിത് ഒരിക്കലും അവരുടെ സാമൂഹിക ഇടപെടലുകളെ
ബാധിക്കുന്നില്ല എന്ന് കാണാം. വിദ്യാഭ്യാസപരമായ മേൽക്കൈയും ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യവും സാമൂഹിക ജീവിതക്രമത്തിലെ പാശ്ചാത്യ അനുകരണവും
നിമിത്തം പ്രാദേശിക സമൂഹത്തിന് മുൻപിൽ ആംഗ്ലോ ഇന്ത്യൻ വിഭാഗ ക്കാർക്ക് പ്രത്യേക മേൽക്കൈ ഉ്. സമൂഹത്തെ വംശനാമത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചിരിക്കുന്നു. ഫെർണാ്സ്, ഡയസ്,ഡിക്രൂസ്, കൊറേയ, ഡിസിൽവ, റോഡ്രിഗ്സ് തുടങ്ങി ഈ കുടുംബ വംശ നാമങ്ങൾ നീളുന്നു.ഇത് അവരുടെ ഒറിജിനെ അടിസ്ഥാനമാക്കിയുള്ള മുന്നൂറ്റി, അഞ്ഞൂറ്റിക്കാർ,എഴുന്നൂറ്റിക്കാർ, കൊല്ലക്കാർ എന്നീ വിഭജനങ്ങളാണ്. ആംഗ്ലോ ഇന്ത്യൻ വിഭാഗക്കാർക്കിടയിലെ തന്നെ ഉൾജാതിവിവാഹങ്ങളും കമ്മ്യൂണിറ്റി എതിർക്കുന്നു്. എന്നാൽ യുവാക്കളിൽ ഭൂരിഭാഗവും കുടുംബ വംശ നാമങ്ങൾ ഇപ്പോൾ പേരിൽ നിന്നും ഒഴിവാക്കുന്ന പ്രവണത ദൃശ്യമാണ്. **വൈവാഹികക്രമം**

സാമൂഹിക ക്രമത്തിന് വിരുദ്ധമായി അന്യവിഭാഗങ്ങളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുകയാണെങ്കിൽ കമ്മ്യൂണിറ്റിയിൽ നിന്നും ഒഴിവാക്കുകയോ പ്രായശ്ചിത്ത നടപടികൾ വിധിക്കുകയോ ചെയ്യുന്ന പ്രവണത ഉ് എന്ന് നമ്മൾ ക ുകഴിഞ്ഞു. എങ്കിൽ പോലും പള്ളുരുത്തി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇന്റർ കമ്യൂണിറ്റി വിവാഹങ്ങൾ ധാരാളമായി നടക്കുന്നു് എന്നാണ് ഫീൽഡ് സ്റ്റഡി വെളിവ ാക്കുന്നത്. കേരളത്തിലെ പ്രത്യേകിച്ച് കൊച്ചിയിലെ ആംഗ്ലോ ഇന്ത്യൻ വിഭാഗക്കാർക്കിടയിൽ വിവാഹ പ്രായം താരതമ്യേന കൂടുതലാണ്. പുരുഷന്മാരിൽ ഇത് ഏകദേശം 35 ഉം, സ്ത്രീകളിൽ 30 ഉം ആണ്. മിക്കവാറും വിവാഹ ബന്ധങ്ങൾ പ്രണയവിവാഹങ്ങളാണ്. കുടുംബങ്ങൾ തമ്മിൽ ആലോചിച്ചുറപ്പിക്കുന്ന സാധാരണ നിലയിലുള്ള വിവാഹക്രമം കുറവാണ് എന്ന് തന്നെ പറയണം. വിവാഹപ്രായമെത്തി എന്ന് സ്വയം ബോധ്യപ്പെടുന്ന പക്ഷം തങ്ങൾക്ക് ഇണങ്ങിയ പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് കുടുംബവ്യവസ്ഥ നൽകുന്നു്. എന്നാൽ അത്തരം തെരഞ്ഞെടുപ്പുകൾ കമ്മ്യൂണിറ്റി ആശയങ്ങൾക്ക് വിരുദ്ധമാകരുത് എന്ന നിർബന്ധബുദ്ധിയും അവർ പുലർത്തുന്നു്. വിവാഹ നിശ്ചയ ചടങ്ങുകൾ പള്ളിയിൽ തന്നെ ആയിരിക്കണമെന്ന നിഷ്കർഷകൾ അവർക്ക് ഇല്ല. സൗകര്യാനുസരണം വരന്റെ വീട്ടിലോ തെരഞ്ഞെടുത്ത പാർട്ടി ഹാളിലോ ആകാം ഈ ചടങ്ങ്. വിവാഹ നിശ്ചയ ചടങ്ങിന് വൈദികന്റെ ആശീർവാദം ഒരു അവിഭാജ്യ ഘടകമായി അവർ സ്വീകരിക്കുന്നില്ല. മോതിരങ്ങൾ പരസ്പരം കൈമാറുന്നതും വീഞ്ഞ് പങ്കുവയ്ക്കുന്നതും പരസ്പരം ചുംബിക്കുന്നതും ആണ് വിവാഹവേളയിലെ പ്രധാന ചടങ്ങുകൾ. താലി ഒരു അവിഭാജ്യ സൂചകമേ ആകുന്നില്ല. സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നില്ല. പുതിയ ദമ്പതികളോടുള്ള സ്നേഹാദരങ്ങൾ അർപ്പിക്കുന്നതിന്റെ ഭാഗമായി വൈകുന്നേരം ബാൾ റൂം ഡാൻസിംഗ് ഉ ാകാറു്. ഇരുകുടുംബങ്ങളും പരസ്പരം ചെലവുകൾ പങ്കിടുന്ന രീതിയാണ് വിവാഹം മുതൽക്കുള്ള ചടങ്ങുകളിൽ ക ുവരുന്നത്. വിവാഹ ദിനത്തിൽ രാത്രി വധുവിന്റെ വീട്ടിലായിരിക്കും കൂടിച്ചേരൽ. വിവാഹാനന്തരം ഒരു പുതിയ കുടുംബം എന്ന നിലയിൽ മാറിതാമസിക്കുകയാണ് സാധാരണരീതി. ഇത് പൊതുവിൽ കുടുംബക്ലസ്റ്റർ എന്നനുമാനിക്കാം. എന്നാൽ ജനനം, മരണം, വിവാഹം, ക്രിസ്തുമസ ്, പുതുവത്സരം തുടങ്ങിയ വേളകളിലും ദുരന്താവസരങ്ങളിലും അസാമാന്യമായ സഹകരണ മനോഭാവം അവർ പുലർത്തുന്നതായി കാണാം. പൊതുവിൽ രൂപപ്പെട്ടിട്ടുള്ള മൈഗ്രേഷന്റെ കൂടെ ഭാഗമായി യുവാക്കൾ ഭൂരിഭാഗവും ഉപരി പഠനാർത്ഥം, തൊഴിലവസരങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യക്ക് വെളിയിൽ കനേഡിയൻ രാജ്യങ്ങളിലേക്ക് കുടിയേറുകയാണ് പതിവ്. നിരവധി ആംഗ്ലോ-ഇന്ത്യക്കാർ അവരുടെ സമുദായത്തിന് പുറത്ത് വിവാഹം കഴിക്കുന്നതിനാൽ സമുദായത്തിന്റെ അംഗബലം കുറഞ്ഞു എന്ന് മുതിർന്നവർ ചൂ ിക്കാണിക്കുന്നു. സംസ്ഥാനത്തുട നീളം 80000ത്തോളം അംഗങ്ങളുള്ള ഒരു മൈക്രോ ന്യൂനപക്ഷ വിഭാഗം അംഗീകാരത്തിനും നിലനിൽപ്പിനും വേ ി പോരാടുകയാണ്.

### ആംഗ്ലോ–ഇന്ത്യൻ സ്ത്രീ – പൊതുബോധം

ഇന്ത്യയുമായുള്ള നാല് നൂറ്റാ–ുകളുടെ യൂറോപ്യൻ കൊളോണിയൽ ബന്ധം അപകീർത്തിപ്പെടുത്തുന്ന സ്റ്റീരിയോടൈപ് പെൺ മാതൃകകളെ ആണ് ഇവിടെ സൃഷ്ടിച്ചിട്ടുള്ളത്. 'the prevalent, most interesting experiment in genetics between east and west' എന്നിങ്ങനെ കിഴക്കിനും പടിഞ്ഞാറിനുമിടയിലെ രസകരമായ പരീക്ഷണം ആയാണ് ആംഗ്ലോ–ഇന്ത്യൻ സ്ത്രീയെ പൊതുസമൂഹം അടയ ാളപ്പെടുത്തിയിരിക്കുന്നത്. ധാർമ്മികവും സാംസ്കാരികപരവുമായി യൂറോപ്യൻ ജനതയുമായി അടുപ്പമുള്ളവരായി മാത്രമാണ് ആംഗ്ലോ–ഇന്ത്യൻ സ്ത്രീയെ കണക്കാക്കിയിട്ടുള്ളത്. പുരുഷാധിപത്യ പ്രവണത അവളെ പൈശാചികവും കാമാസക്തിയുള്ളതുമായ ഇംപ്രഷനുകൾക്കുള്ളിലടച്ചു. ആഴം കുറഞ്ഞവരും വിവരമില്ലാത്തവരുമായി അവരെ ചിത്രീകരിച്ചു. ജീവിതത്തെ വെട്ടിപിടിക്കാനും കരുപിടിപ്പിക്കുവാനുമുള്ള അവരുടെ മനോഭാവങ്ങളെ നോൺ റിയലിസ്റ്റിക് എന്ന് അടയാളപ്പെടുത്തി. നീളം കുറഞ്ഞ വസ്ത്രമണിഞ്ഞ് ഉയർന്ന ജാതി പുരുഷന്മാരെ വലവീശിപ്പിടിക്കുന്ന സാങ്കല്പിക സ്ത്രീത്വം ആയിരുന്നു പൊതുബോധത്തിനെന്നും ആംഗ്ലോ–ഇന്ത്യൻ സ്ത്രീകൾ.

ആംഗ്ലോ ഇന്ത്യൻ സ്ത്രീ സമൂഹം തങ്ങളുടെ പുരുഷന്മാർക്കൊപ്പം അനന്തരാവകാശവും തുല്യപദവിയും ആസ്വദിക്കുന്നവരുമാണ്. അടുക്കളയിൽ മാത്രം ഒതുങ്ങുന്നതല്ല അവരുടെ പ്രവർത്തനങ്ങൾ. ഇടത്തരം മുതൽ മേല്പോട്ടുള്ള കുടുബങ്ങളിൽ
അടുക്കളയിൽ സഹായികളെ നിർബന്ധമായും ഏർപ്പെടുത്തുകയും അവർ അധ്യാപിക,
ബിസിനസ് വുമൺ, റസ്റ്റോറന്റ് നടത്തിപ്പ്, ഓഫീസ് സെക്രട്ടറി, വിദേശ പൗരത്വമുള്ള നഴ്സ് എന്നീ നിലകളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. സാമൂഹികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും എലൈറ്റ് ക്ലാസ് എന്ന നില ഉറപ്പിക്കുന്നവരാണ് അവർ.

### സാമ്പത്തിക നില

സാമ്പത്തിക നിലയ്ക്കനുസരിച്ച് കൊച്ചിയിലെ ആംഗ്ലോ ഇന്ത്യൻ വിഭാഗ ക്കാരെ നിലവിൽ 3 ആയി തിരിക്കാം. പാരമ്പര്യ മുതൽ സൂക്ഷമതയോടെ കൈകാര്യം ചെയ്യുന്ന 1% , 29% ഇടത്തരക്കാർ, ബാക്കിയുള്ള 70% താഴെത്തട്ടിൽ ഉള്ളവരും ഇടത്തരക്കാരിലേക്ക് ഉയരാൻ സാധ്യതകൾ സൃഷ്ടിക്കുന്നവരുമാണ്. അവർ ചെറുകിട കച്ചവടക്കാർ, മരപ്പണിക്കാർ, മേശാന്മാർ, മെക്കാനിക്കുകൾ, തട്ടാന്മാർ, തയ്യൽക്കാർ, ചെരുപ്പു തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, എന്നിങ്ങനെ ജോലി ചെയ്യുന്നവരാണ്. സ്വാതന്ത്ര്യത്തിന് മുൻപ് മുതലേ ഗവൺമെന്റ്, പൊതുമേഖല സ്ഥാപനങ്ങളിൽ ഈ വിഭാഗക്കാർക്ക് ഉ–ായിരുന്ന മേൽക്കൈ നഷ്ടപ്പെട്ടതായി കാണാം. ശേഷം സാങ്കേതികമായും ആതുരസേവന മേഖലകളിലും യോഗ്യതയുള്ളവരും വിദ്യാസമ്പന്നരും ഓസ്ട്രേലിയ, കാനഡ, ഇംഗ്ല–്, ന്യൂസിലാൻഡ്, അമേരിക്ക തുടങ്ങിയിടങ്ങളിലേക്ക് കുടിയേറി പാർത്തു. ഐസ്പ്ലാന്റുകൾ, ഫിഷിംഗ് യൂണിറ്റുകൾ, സിവിൽ കോൺട്രാക്ടർമാർ തുടങ്ങിയ ചെറുകിട വ്യാപാരങ്ങളിൽ ഏർപ്പെട്ടവരും അനവധിയാ
ണ്.

### ഉപസംഹാരം

ഇംഗ്ലീഷ് മാതൃഭാഷയായി കരുതുകയും പാശ്ചാത്യജീവിതശൈലി പിന്തുടരുകയും ചെയ്തിരുന്ന ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിലെ കൊച്ചി സെറ്റിൽമെന്റിൽ നിന്നുമ ുള്ള ഏകദേശം പകുതിയിലേറെ പേരും മാതൃഭാഷയായി മലയാളം രേഖപ്പെടുത്താൻ ആരംഭിക്കുകയും മലയാളം മീഡിയം സ്കൂളുകളിൽ വിദ്യാഭ്യാസം നേടുകയും ചെയ്യുന്നു–്. ഇവരിൽ വല്ലാർപാടം, മുളവുകാട്, പള്ളുരുത്തി, ഇടക്കൊച്ചി പ്രദേശങ്ങളിൽ താമസിക്കുന്നവനരിലാണ് ഈ മാറ്റം വലിയ തോതിൽ കാണാവുന്നത്. വിഭജനാനനന്തര ഘട്ടത്തിൽ സമുദായ അംഗങ്ങൾ തമ്മിലുള്ള ബന്ധം ദുർബലമാവുകയും സാംസ്കാരിക ശിഥിലീകരണത്തിന്റെ ലക്ഷണങ്ങൾ കൂടുതൽ പ്രബലമാവുകയും ചെയ്തിരുന്നു. ഈ ഘട്ടത്തിൽ തങ്ങളുടെ ക്രിസ്ത്യൻ പൊതുമത വിശ്വാസങ്ങളുടെ ഭാഗമായി പ്രാദേശിക മതാചാരങ്ങളുമായും ജീവിതരീതികളുമ ായും പൊരുത്തപ്പെടേ–തിന്റെ ആവശ്യകത ഉദിക്കുകയും അവയോട് ചേർന്ന് നിൽക്കേ–ി വരികയും ചെയ്തു എന്നാണ് ഫീൽഡ് സ്റ്റഡിയിൽ നിന്നും മനസ്സിലാകുന്നത്.
ആദ്യകാലം മുതൽക്കേ യൂറോപ്യൻ വംശജനായ പിതാവിനും ഇന്ത്യൻ സ്ത്രീക്കും
ജനിച്ച ആംഗ്ലോ–ഇന്ത്യൻ വിഭാഗക്കാർ ക്രിസ്ത്യാനികൾ എന്ന പൊതുചട്ടക്കൂടിൽ ഉൾപ്പെടണം എന്നും അവർക്ക് ആംഗ്ലോ–ഇന്ത്യൻ ആകുവാൻ കഴിയില്ല എന്നും ഉള്ള വാദഗതികൾ ഉയർന്ന് വന്നിരുന്നു. ഇതിനോട് സമരസപ്പെട്ട് നിൽക്കുക എന്ന വലിയ ഉത്തരവാദിത്തത്തിൽ നിന്നും പരിഹാസങ്ങളിൽ നിന്നും അതുക–് തന്നെ ഏറെകുറേ പേർ വിടുതൽ നേടി. ആംഗ്ലോ–ഇന്ത്യൻ വിഭാഗക്കാരും മറ്റുവിഭാഗക്കാരും

തമ്മിലുള്ള മിശ്രവിവാഹങ്ങളും ഇത്തരത്തിൽ പ്രാദേശികമായ ഇഴുകി ചേരലിന് കാരണമായിട്ടു്. ആദ്യ തലമുറയിലെ മുതിർന്ന അംഗങ്ങളുമായി നടത്തിയ സംഭാഷണങ്ങളിൽ നിന്നും ആംഗ്ലോ ഇന്ത്യൻ സംസ്കാരത്തെ ചെറുപ്പക്കാരെ അപേക്ഷിച്ച് നിലനിറുത്തുന്നതിൽ
അവർ സ്തുത്യർഹമായ സേവനം നൽകിയിരിക്കുന്നു എന്ന് മനസ്സിലാക്കാം. അവരുടെ
പാശ്ചാത്യ ജീവിത രീതികളും ഇംഗ്ലീഷ് കലർത്തിയുള്ള സംഭാഷണങ്ങളും കൂദാശകളുടെ പാശ്ചാത്യക്രമത്തിലുള്ള പാലനവും ചിന്താഗതിക ളും വസ്ത്രധാരണവും
കമ്യൂണിറ്റി പ്രവർത്തനങ്ങളിലെ പങ്കാളിത്തവും ഇത് പ്രതിഫലിപ്പിക്കുന്നു്. പ്രാദേശിക ചുറ്റുപാടുക ളോടും ബാഹ്യസ്വാധീനങ്ങളോടും സമ്പർക്കം പുലർത്തിയിരുന്നു എങ്കിലും ചെറുപ്പക്കാരെ അപേക്ഷിച്ച് സമുദായ സ്വത്വബോധം പാലിക്കുന്നതിൽ അവർ വിജയിച്ചതായി മനസ്സിലാക്കാം.

## സഹായക ഗ്രന്ഥങ്ങൾ


- അനിൽകുമാർ, ടി.കെ ,2004 മലയാള സാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം, കേരള സാഹിത്യ അക്കാദമി , തൃശൂർ
- ഡോ. കുറുപ്പ്, കെ.കെ.എൻ, 2014 ദേശീയതയും സാമൂഹ്യ പരിഷ്കരണവും മലയാള സാഹിത്യത്തിൽ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം
- ഗോപാലൻ, എ.കെ.,2002, കേരളം ഇന്നലെ ഇന്ന്, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം
- ഗോപി പി.കെ, 2013, കൊച്ചിയും പൈതൃക സ്മാരകങ്ങളും , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
- ഡോ.ജോബിൻ ചാമക്കാല,2020, നോവലും പ്രാദേശികതയും, ആത്മ ബുക്സ്, കോഴിക്കോട്
- ബോണി തോമസ്,2017, ഫോർട്ടുകൊച്ചി – മട്ടാഞ്ചേരിയുടെ അദൃശ്യപൈതൃകാന്വേഷണം കൊച്ചിക്കാർ, പ്രണത ബുക്സ്, കൊച്ചി
- രവീന്ദ്രൻ, പി.പി, 2002 സംസ്കാര പഠനം ഒരു ആമുഖം, ഡി സി ബുക്സ്, കോട്ടയം
- രാജശേഖരൻ, പി.കെ., 1999, അന്ധനായ ദൈവം മലയാള നോവലിന്റെ 100 വർഷങ്ങൾ, ഡി സി ബുക്സ്, കോട്ടയം
- ഡോ. വർഗ്ഗീസ്, വി.ജെ., ഡോ.എൻ. വിജയമോഹനൻ പിള്ള,ഡോ.സ്കറിയാ സക്കറിയ, 2010, 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ , സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം
- വേലായുധൻ പണിക്കശ്ശേരി, 2004, പോർട്ടുഗീസ്–ഡച്ച് ആധിപത്യം കേരളത്തിൽ, കറന്റ് ബുക്സ്,കോട്ടയം
- വേലായുധൻ പണിക്കശ്ശേരി, 2018, പ്രാചീന കേരളത്തിന്റെ വാണിജ്യ ബന്ധങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം
- ഷാജി ജേക്കബ്, ആധുനികാനന്തര മലയാള നോവൽ വിപണി,കല,പ്രത്യ ശാസ്ത്രം, തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,2018

- ഓ.കെ.സന്തോഷ്, സ്വത്വരാഷ്ട്രീയം: പാഠവും പ്രശ്നവത്കരണവും, ദളിത് ആത്മകഥകളെ മുൻനിറുത്തിയുള്ള ഒരു പഠനം, പി.എച്ച്,ഡി പ്രബന്ധം, മഹാത്മാഗാന്ധി സർവ്വകലാശാല,2010 കോട്ടയം

- ദേവിക, ജെ, 2015, പൂട്ട് ക െ ത്തേ ുന്ന താക്കോലുകൾ (പഠനം) (അനുബന്ധം), ജീവിച്ചിരിക്കുന്നവർക്ക് വേ ിയുള്ള ഒപ്പീസ്, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്

- പമ്മൻ, 2012, ചട്ടക്കാരി, ഡി സി ബുക്സ്, കോട്ടയം

- മുകുന്ദൻ എം, ദൈവത്തിന്റെ വികൃതികൾ , 1993, ഡി സി ബുക്സ് , കോട്ടയം

- CHARLES DIAS,2013, THE PORTUGUESE IN MALABAR : A SOCIAL HISTORY OF LUSO INDIANS , MANOHAR PUBLISHERS AND DISTRIBUTORS, NEW DELHI

- GIST N & WRIGHT, 1973, MARGINALITY AND IDENTITY: SANGLO INDIANS AS A RACIALLY - MIXED MINORITY IN INDIA, LEIDEN : BRILL

- INFORMATION COLLECTED FROM FIELD VISIT : ANGLO INDIAN ASSOCIATIONS

- LEWIN , ERICA , ANGLO INDIAN WOMEN : IDENTITY ISSUES, (1996), MUDOCH U PERTH, WESTERN AUSTRALIA. THE INTERNATIONAL JOURNSAL OF ANGLO INDIAN STUDIES 1.2 (13 JAN 2004)

- QUITTING INDIA :THE ANGLO INDIAN CULTURE OF MIGRATION. SITES : NEW SERIES.